**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1053** **31-01-2024 - ൽ മറുപടിയ്ക്ക്**

**ഉളിയത്ത് കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ-കാസർഗോഡ് ജില്ലകളെ ബന്ധിപ്പിക്കുന്നതും പയ്യന്നൂർ, തൃക്കരിപ്പൂർ മണ്ഡലത്തിൽ ആയിരത്തോളം ഹെക്ടർ നെൽക്കൃഷിക്ക് സഹായകരമാകുന്ന ഉളിയത്ത് കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കണ്ണൂർ-കാസർകോഡ് ജില്ലകളെ ബന്ധിപ്പിക്കുന്നതും പയ്യന്നൂർ, തൃക്കരിപ്പൂർ മണ്ഡലത്തിൽ ഉളിയം കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് 85.40 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിലേക്കായി, പ്രൊവിഷണൽ സാങ്കേതികാനുമതി നൽകി വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടന്നു വരുന്നു. DPR സർക്കാരിൽ ലഭ്യമാകുന്ന മുറക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ബി) | കണ്ണൂർ-കാസർകോഡ് ജില്ലകളെ ബന്ധിപ്പിക്കുന്നതും പയ്യന്നൂർ, തൃക്കരിപ്പൂർ മണ്ഡലത്തിൽ ഉളിയം കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് 85.40 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിലേക്കായി, പ്രൊവിഷണൽ സാങ്കേതികാനുമതി നൽകി വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടന്നു വരുന്നു. DPR സർക്കാരിൽ ലഭ്യമാകുന്ന മുറക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ